"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ (ഭൂജല)വകുപ്പ്-ജീവനക്കാര്യം - ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിനെതിരെ ശ്രീ. വി.ബി. ബിനു സമർപ്പിച്ച അപ്പീൽ തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.550/2022/WRD തീയതി,തിരുവനന്തപുരം, 16-06-2022

---

പരാമർശം:-

1. 30.07. 1993ലെ സ ഉ (പി) നം.32//993/Ir.D ഉത്തരവ്
2. 30.07. 1993ലെ സ ഉ (പി) നം.33/1993/Ir.D ഉത്തരവ്
3. ഭൂജല വകുപ്പ് ഡയറക്ടറുടെ 11.02.2004 ലെ E(1) 1791/01/DGW നമ്പർ നടപടി ക്രമം.
4. ഭൂജല വകുപ്പ് ഡയറക്ടറുടെ 22.11.2005ലെ ഇ(1) 5657/04/DGW നമ്പർ നടപടി ക്രമം.
5. ഭൂജല വകുപ്പ് ഡയറക്ടറുടെ 17.02.2006ലെ E(1) 855/06/DGW നമ്പർ നടപടി ക്രമം.
6. ഭൂജല വകുപ്പ് ഡയറക്ടറുടെ 28.3.2006 ലെ E2 5053/2005/DGW നമ്പർ നടപടി ക്രമം.
7. ഭൂജല വകുപ്പ് ഡയറക്ടറുടെ 17.12.2010ലെ E1 5657/04/DGW നമ്പർ നടപടി ക്രമം.
8. ഭൂജല വകുപ്പ് ഡയറക്ടറുടെ 21.12.2010 ലെ E1 /5657/04/DGW നമ്പർ നടപടിക്രമം.
9. ഗസറ്റ് നം. 383 നമ്പരായി പ്രസിദ്ധീകരിച്ച ഭൂജല ഡയറക്ടറുടെ 21.2.2011ലെ E(2)7344/2010/DGW നമ്പർ നടപടിക്രമം.
10. ഭൂജല വകുപ്പ് ഡയറക്ടറുടെ 23.2.2011 ലെ E2/7344/2010/DGW നമ്പർ നടപടിക്രമം.
11. ഭൂജല വകുപ്പ് ഡയറക്ടറുടെ 22.5.2012ലെ E(2) 2407/12/GW നമ്പർ നടപടിക്രമം.
12. ബഹു. KAT ന്റെ 6.4.2017ലെ OA 9/2016 നമ്പർ കേസിലെ വിധിന്യായം.
13. ഭൂജല ഡയറക്ടറുടെ 22.6.2018ലെ E(2)/3700/2018/DGW നമ്പർ നടപടിക്രമം.

ഭൂജല ഡയറക്ടറുടെ 22.1.2020ലെ E(2)-764/19/DGW നമ്പർ

14. നടപടി ക്രമം.

15. ശ്രീ. വി.ബി. ബിനു 14.2.2020ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

16. ഭൂജല വകുപ്പ് ഡയറക്ടറുടെ 24.3.2020, 24.12.2020, 31.05.2021, 10.9.2021, 26.3.2022 എന്നീ തീയതികളിലെ E2-1249/2020/DGW നമ്പർ കത്ത്.

17. ബഹു. ഹൈക്കോടതിയുടെ 23.2.2021 ലെ OP(KAT)59/2021 നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഭൂജല വകുപ്പിലെ ജൂനിയർ ജിയോഫിസിസ്റ്റ് ആയ ശ്രീ. വി.ബി. ബിനു പരാമർശം (14)ലെ ഭൂജല വകുപ്പ് ഡയറക്ടറുടെ നടപടിക്രമത്തിനെതിരായി ജൂനിയർ ജിയോഫിസിസ്ററ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കണം എന്നാവശ്യപ്പെട്ട് KS&SSR ചട്ടം 27 Bയുടെ അടിസ്ഥാനത്തിൽ പരാമർശം (15) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാം സ്ഥാനക്കാരനായി ഉൾപ്പെട്ടിട്ടുള്ള ശ്രീ. ബിജിമോൻ റ്റി.എസ്-ന്റെ ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിലെ നിയമനം സ്പെഷ്യൽ റൂൾസ് പ്രകാരമല്ലാത്തതാണെന്നും സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള 3:1 അനുപാതം പാലിച്ചിട്ടില്ല എന്നും അപ്പീൽ അപേക്ഷയിൽ അറിയിച്ചിട്ടുണ്ട്. 8.10.1993ൽ തസ്തിക മാറ്റം വഴി ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളതിനാൽ 3 നേരിട്ടുള്ള നിയമനം നടത്തിയതിന് ശേഷം മാത്രമേ അടുത്ത തസ്തികമാറ്റ നിയമനം ചട്ട പ്രകാരം നടത്താൻ സാധിക്കുകയുള്ളു എന്നിരിക്കെ 23.11.2005ൽ ശ്രീ. ബിജിമോന് നൽകിയ തസ്തികമാറ്റ നിയമനം ക്രമപ്രകാരമല്ലാത്തതിനാൽ ടിയാന് അതിനുശേഷം ലഭിച്ച ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ നിയമനവും ക്രമപ്രകാരമല്ല എന്നും ആയത് പുന:പരിശോധിച്ച് ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിലേയും ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലേയും സീനിയോറിറ്റി പുന: ക്രമീകരിക്കണം എന്നതാണ് അപ്പീലിലെ ആവശ്യം. കൂടാതെ പരാമർശം (12)ലെ വിധിന്യായത്തിനെതിരെ ശ്രീ. വി.ബി. ബിനു ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 59/2021 നമ്പർ കേസിൽ പരാമർശം (17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് OP(CAT)207/2020ൽ 5.1.2021ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം പ്രകാരം തീർപ്പാക്കി.

2. ഭൂജല വകുപ്പിൽ ജിയോഫിസിക്കൽ അസ്സിസ്സ്റ്റന്റിന്റെ ഒരു തസ്തികയാണ് നിലവിലുള്ളതെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ഭൂജല വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയുടെ യോഗ്യതയും നിയമനരീതിയും താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| Geophysical Assistant | (i) Appointment by transfer from qualified hands clerical staff of the Kerala Ground Water Department according to seniority in the Department | (i) B.Sc. Degree in Geophysics or physics and<br><br>(ii) Two years service in the Department |
| | (ii) By Direct recruitment | M.Sc. Degree in Geophysics with not less than 50% marks.<br><br>In the absence of candidates with the above qualification, Master's Degree in any other branch of Physics with not less than 50% marks.<br><br>Note:- A ratio of 3:1 shall be followed between Direct recruitment and appointment by transfer. |

(3) പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ഭൂജല വകുപ്പ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയുടെ യോഗ്യതയും നിയമനരീതിയും താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| Junior Geophysicist | (i) By promotion from category Geophysical Assistant of Branch III of the Kerala Ground Water Subordinate Service | (1) (a) Master's Degree in Geophysics or Physics; and<br><br>(b) Two years experience in the feeder category.<br><br>Or<br><br>(2) (a) B.Sc degree in Geophysics or physics; and<br><br>(b) Five years experience in the feeder category |
| | (ii) By direct recruitment | (1) Master's Degree in Geophysics with not less than 50% marks. In the absence of candidates with the above qualification, Master's Degree in any branch of physics with not less than 50% marks; and<br><br>(2) In the absence of candidates possessing the above qualifications Master's Degree in physics in any branch other than Geophysics with |

| | | |
|---|---|---|
| | | not less than 50% marks shall be considered subject to the condition that they shall undergo training in Geophysical investigations or logging techniques, Ground Water prospecting in any Government Organisation |

Note.- A ratio of 1:1 shall be followed between promotion and direct recruitment. The application of ratio shall begin with promotion.

(4) ശ്രീ. ബിജിമോൻ റ്റി.എസ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഭൂജല വകുപ്പിൽ ലോവർ ഡിവിഷൻ ക്ളാർക്ക് തസ്തികയിൽ പരാമർശം (3) പ്രകാരം 11.2.2004ൽ നിയമിതനായി. പരാമർ ശം ( 4 ) പ്രകാരം ടിയാനെ KS&SSR ഭാഗം രണ്ട് ചട്ടം 9(a) (i) പ്രകാരം താൽക്കാലികമായി ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിൽ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവിൽ പി.എസ്.സി.യിൽ നിന്നും നിയമനം ലഭിച്ച വ്യക്തി ജോയിൻ ചെയ്യുമ്പോൾ ടെർമിനേറ്റ് ചെയ്യപ്പെടും എന്ന വ്യവസ്ഥയിൽ നിയമിച്ചു. ടിയാൻ 23.11.2005ൽ ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിൽ ജോയിൻ ചെയ്തു. തുടർന്ന് പരാമർശം (7) പ്രകാരം 23.11.2005 പ്രാബല്യത്തിൽ ടിയാനെ ജിയോഫിസിക്കൽ അസിസ്റ്റന്റ് തസ്തികയിൽ റഗുലറൈസ് ചെയ്തു. പരാമർശം (8) പ്രകാരം ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിലെ പ്രൊബേഷൻ 23.11.2007 പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചു. തുടർന്ന് ടിയാനെ ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കുകയും പരാമർശം (9) പ്രകാരം വിജ്ഞാപനം ചെയ്ത സെലക്ട് ലിസ്റ്റിൽ തസ്തികമാറ്റ നിയമനത്തിനായി ഉൾപ്പെടുത്തുകയും പരാമർശം (10) പ്രകാരം ടിയാന് ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. പരാമർശം (11) പ്രകാരം ടി തസ്തികയിലെ പ്രൊബേഷൻ 24.2.2012 പ്രാബല്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(5) ശ്രീ. വി.ബി. ബിനു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിൽ പരാമർശം (6) പ്രകാരം നേരിട്ടുള്ള നിയമനത്തിലൂടെ നിയമിതനായി. തുടർന്ന് 10 വർഷം ശൂന്യവേതനാവധിയിൽ ആയിരുന്നു. 25.4.2016ൽ ടിയാൻ സർവ്വീസിൽ പുന:പ്രവേശിച്ചു. ടിയാന്റെ ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ പരാമർശം (13) പ്രകാരം 25.4.2018 പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പരാമർശം (14)

ആയി പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ Sl.No. 1 ആയി ശ്രീ. ബിജിമോൻ റ്റി.എസ്.ഉം Sl.No.2 ആയി ശ്രീ. വി.ബി. ബിനുവും ഉൾപ്പെട്ടിട്ടുണ്ട്.

(6) ബന്ധപ്പെട്ട രേഖകളുടേയും ഉത്തരവുകളുടേയും/ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

(7) കേരള ഭൂജല വകുപ്പ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റ നിയമനവും തമ്മിലുള്ള അനുപാതം 3:1 ആയി നിഷ്കർഷിച്ചിട്ടുണ്ട്. ടി സ്പെഷ്യൽ റൂൾസ് പ്രകാരം Geophysics അല്ലെങ്കിൽ Physicsൽ B.Sc ബിരുദവും വകുപ്പിൽ രണ്ട് വർഷം സർവ്വീസും പൂർത്തീകരിച്ചിട്ടുള്ള യോഗ്യരായ ക്ലറിക്കൽ ജീവനക്കാരെ തസ്തികമാറ്റം വഴി ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് ആയി നിയമിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 8.10.1993ൽ ശ്രീ. അശോക് കുമാർ എന്നയാളെ തസ്തികമാറ്റം വഴി ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് ആയി നിയമിച്ചു. ടിയാന് ജൂനിയർ ജിയോഫിസിസ്റ്റ് ആയി തസ്തികമാറ്റം ലഭിച്ചപ്പോൾ ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിൽ 30.9.2004ൽ ഉണ്ടായ ഒഴിവ് ഭൂജല വകുപ്പ് ഡയറക്ടർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവിൽ ഭൂജല വകുപ്പിലെ ലോവർഡിവിഷൻ ക്ളാർക്ക് തസ്തികയിലുള്ള ശ്രീ. ബിജിമോൻ റ്റി.എസിനെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുമ്പേ പരാമർശം (4) ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് ആയി KS&SSR ഭാഗം രണ്ട് ചട്ടം 9 (a)(i) പ്രകാരം താല്ക്കാലിക നിയമനം നൽകി. എന്നാൽ ടി ഉത്തരവ് പുറപ്പെടുവിച്ചത് KS&SSR ഭാഗം II ചട്ടം 9 (a)(i) ലെ വ്യവസ്ഥകൾക്കും സ്പെഷ്യൽ റൂൾസിനും അനുസൃതമല്ല.

(8) പരാമർശം (7) പ്രകാരം ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിൽ ടിയാനെ 23.11.2005 പ്രാബല്യത്തിൽ റെഗുലറൈസ് ചെയ്യുകയും പരാമർശം (8) പ്രകാരം 23.11.2007 പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ടിയാൻ ലോവർഡിവിഷൻ ക്ളാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളത് പരാമർശം ( 5 ) പ്രകാരം 13.2.2006 പ്രാബല്യത്തിൽ മാത്രമാണ്. ലോവർഡിവിഷൻ ക്ളാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കാതെ തസ്തികമാറ്റം നൽകിയത് KS&SSR ഭാഗം ഒന്ന് ചട്ടം 2 (13)ന്റെ ലംഘനമാണ്. തസ്തികമാറ്റ നിയമനത്തിന് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള രണ്ട് വർഷം സർവ്വീസ് എന്ന യോഗ്യതയും ടിയാന് ഇല്ല. ആയതിനാൽ ശ്രീ. ബിജിമോൻ റ്റി.എസ്.ന് ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് ആയി തസ്തികമാറ്റ നിയമനം നൽകിയതിൽ Kerala Ground Water Subordinate Service Special Rules, KS&SSR എന്നിവയുടെ ചട്ടലംഘനം നടന്നിട്ടുണ്ട്. മാത്രമല്ല ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ വളരെയധികം സൂക്ഷ്മതയോടും കൃത്യതയോടും വേണം റിപ്പോർട്ട്

ചെയ്യേണ്ടതെന്നും ഒരിക്കൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ കുറവ് വരുത്താനോ റദ്ദ് ചെയ്യാനോ പാടില്ലായെന്ന് വിവിധ ഉത്തരവുകൾ/ സർക്കുലറുകൾ മുഖേന എല്ലാ നിയമനാധികാരികൾക്കും വകുപ്പദ്ധ്യക്ഷൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പ്രൊമോഷൻ മുഖേനയോ, തസ്തികമാറ്റം മുഖേനയോ, സ്ഥലം മാറ്റം മുഖേനയോ മറ്റേതൊരു തരത്തിലും നികത്താൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവിൽ തസ്തികമാറ്റ നിയമനം നടത്തിയ ഭൂജല വകുപ്പ് ഡയറക്ടറുടെ നടപടി ക്രമപ്രകാരമല്ല.

(9) ഒരു തസ്തികയിൽ താൽക്കാലികമായി നിയമിച്ച വ്യക്തിയെ ടി സർവ്വീസിൽ പ്രൊബേഷണറായി കണക്കാക്കുകയില്ലെന്നും ടിയാൾക്ക് ഇപ്രകാരമുള്ള നിയമനം മുഖാന്തിരം ടി തസ്തികയിലേയ്ക്കുള്ള ഭാവി നിയമനത്തിന് മുൻഗണനാവകാശം ലഭിക്കുന്നതല്ലെന്നും KS&SSR ഭാഗം രണ്ട് ചട്ടം 9(a)(iv) ൽ വ്യക്തമാക്കിയിട്ടുണ്ട്. താല്ക്കാലികമായി നിയമനം ലഭിച്ചയാൾക്ക് പകരം ടി തസ്തികയിൽ നിയമനം ലഭിക്കുവാൻ യോഗ്യരായ approved candidates അല്ലെങ്കിൽ member of service എന്നീ വിഭാഗത്തിലുള്ളവരെ നിയമിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചട്ട ലംഘനം വഴി നിയമനം നൽകിയശേഷം ടിയാന് ജിയോഫിസിക്കൽ അസ്സിസ്സ്റ്റന്റ് തസ്തികയിൽ 5 വർഷം പൂർത്തീകരിച്ചപ്പോൾ പരാമർശം (9) പ്രകാരം ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പരാമർശം (10) പ്രകാരം ജൂനിയർ ജിയോഫിസിസ്റ്റ് ആയി പ്രൊമോഷൻ നൽകുകയും ചെയ്തു. പരാമർശം (11) പ്രകാരം ടിയാൻ ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ 24.2.2012 പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(10) ചട്ടലംഘനം നടന്നതായി സർക്കാർ കണ്ടെത്തിയതിനെതുടർന്ന് ടിയാനെ റിവർട്ട് ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ ടി തീരുമാനത്തിനെതിരെ ശ്രീ. ബിജിമോൻ റ്റി.എസ്. OA 9/2016 ഫയൽ ചെയ്യുകയുണ്ടായി. ഇതിൽ ബഹു. KAT 6.4.2017ൽ പുറപ്പെടുവിച്ച വിധിയിൽ ടിയാനെ ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിൽ നിന്നും revert ചെയ്യരുത് എന്ന് ഉത്തരവായി. OA 9/2016 ൽ ശ്രീ. ബിജിമോൻ റ്റി.എസ് ന് ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് ആയി താൽക്കാലിക നിയമനം നടത്തിയ വിഷയം ഉന്നയിക്കപ്പെട്ടിട്ടില്ലായിരുന്നു. പ്രസ്തുത ഉത്തരവ് പരിഗണിക്കുമ്പോൾ ജിയോഫിസിക്കൽ അസ്സിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനം താൽക്കാലിക പ്രൊമോഷൻ ആയാണ് കോടതി കണക്കാക്കിയിട്ടുള്ളത്. ടി കോടതി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടില്ല. ടി വിധിക്കെതിരെ ശ്രീ. വി.ബി. ബിനു ഫയൽ ചെയ്ത OP(KAT) 59/2021 നമ്പർ അപ്പീൽ ബഹു. ഹൈക്കോടതി തീർപ്പാക്കി. ഇതിൽ OA/9/2016 ൽ 6.4.2017ൽ പുറപ്പെടുവിച്ച വിധി quash ചെയ്തിട്ടില്ലാത്തതിനാൽ ശ്രീ. ബിജിമോൻ റ്റി.എസ്. നെ Junior Geophysicist തസ്തികയിൽ നിന്നും revert ചെയ്യാൻ സാധിക്കുകയില്ല. ആയതിനാൽ ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി നിലയിൽ മാറ്റമില്ലാതെ തുടരുന്നതാണ്.

(11) എന്നാൽ ചട്ടം ലംഘിച്ചു നൽകിയ നിയമനം പിന്നീട് റഗുലറൈസ് ചെയ്തു എന്ന കാരണത്താൽ ചട്ട ലംഘനത്തിന് സാധൂകരണമാകുകയില്ല. ചട്ട ലംഘനത്തിലൂടെ ലഭിച്ച നിയമനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിജിമോൻ റ്റി.എസ്സിന് വീണ്ടും പ്രൊമോഷൻ ലഭിക്കുകയുണ്ടായി. ജൂനിയർ ജിയോഫിസിസ്റ്റ് തസ്തികയിലെ നിലവിലെ സീനിയോറിറ്റിക്ക് ശ്രീ. ബിജിമോൻ റ്റി.എസ്. അർഹനല്ല എന്ന് തന്നെയാണ് സർക്കാരിന്റെ കണ്ടെത്തൽ. ഈ സീനിയോരിറ്റി പ്രകാരം വീണ്ടും ടിയാന് തുടർ പ്രൊമോഷനുകൾ നൽകുന്നത് ചട്ട വിരുദ്ധമാണ്. KS&SSR ഭാഗം രണ്ട് ചട്ടം 28(b)(i) പ്രകാരം Departmental Promotion Committee കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകുന്ന തസ്തികകളിൽ യോഗ്യതയും കഴിവുമാണ് പ്രൊമോഷന് മാനദണ്ഡമാക്കിയിട്ടുള്ളത്. യോഗ്യതയും കഴിവും തുല്യമായ കേസുകളിൽ സീനിയോറിറ്റി മാനദണ്ഡമാക്കണമെന്നും ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ജിയോഫിസിസ്റ്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ മേൽ ചട്ട പ്രകാരം പരിശോധിച്ച് യുക്തമായ തീരുമാനം Departmental Promotion Committee കൈക്കൊള്ളുന്നതാകും ഉചിതം. ഇപ്രകാരം പരാമർശം (15) അപ്പീൽ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SURABHI
അണ്ടർ സെക്രട്ടറി

പകർപ്പ്:- ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം
ശ്രീ. വി. ബി. ബിനു, ജൂനിയർ ജിയോഫിസിസ്റ്റ് , ഭൂജലവകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Praneesh M P**
**Date: 03-07-2022 15:56:49**
സെക്ഷൻ ഓഫീസർ